(സി) വർക്സ് കമ്മിറ്റി ശുപാർശ ചെയ്യാത്ത ജോലികൾ ചെയ്യുന്ന പതിവുണ്ടോ ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) തിരുവനന്തപുരം ഈസ്റ്റ് സബ് ഡിവിഷൻ, വെസ്റ്റ് സബ് ഡിവിഷൻ, ആറ്റിങ്ങൽ, മൂന്നാർ, ചിറ്റൂർ, ഈ അഞ്ചു് സബ് ഡിവിഷനുകൾ ഒഴികെ ബാക്കി എല്ലാ സബ് ഡിവിഷനിലും വർക്സ് കമ്മിറ്റികൾ കൂടിയിട്ടുണ്ടു്.

(ബി) ഈ സബ് ഡിവിഷനിലും കമ്മിറ്റി കൂടിയിട്ടുണ്ടു്.

(സി) സാധാരണ പതിവില്ല. എന്നാൽ വളരെ ചുരുക്കം ചില അത്യാവശ്യസന്ദർഭങ്ങളിൽ പൊതുജനനന്മയെ ലാക്കാക്കി അപ്രകാരം ചെയ്യാറുണ്ടു്.

എൻ. ഇ. എസ്. ബ്ലോക്കുകൾ

* 414. [48] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തിനു് ഈ സാമ്പത്തികവർഷത്തിൽ എത്ര എൻ. ഇ. എസ്. ബ്ലോക്കുകൾ കേന്ദ്രത്തിൽനിന്നു് അനുവദിച്ചിരിക്കുന്നു;

(ബി) അനുവദിച്ചിട്ടുള്ള ബ്ലോക്കുകൾ ഏതെല്ലാം സ്ഥലങ്ങളിലാണു് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതു്;

(സി) എൻ. ഇ. എസ്. ബ്ലോക്കുകൾ സ്ഥാപിക്കുന്നതിൽ ഗവണ്മെൻറിന്റെ നയം എന്താണു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) അഞ്ചു്.

(ബി) 1. നെന്മാറ
2. റാന്നി
3. കഴക്കൂട്ടം
4. ആയ്യാട്ടു്
5. ചങ്ങനാശേരി

(സി) 1. ഏകദേശം 66,000 മുതൽ ഒരു ലക്ഷംവരെ ജനങ്ങൾ അധിവസിക്കുന്നതും അന്യോന്യം ചേർന്നു് ഒറ്റ ബ്ലോക്കായി കിടക്കുന്നതുമായിരിക്കണം.

2. അഞ്ചോ, ആറോ പഞ്ചായത്തുകൾ പൂർണ്ണമായി അടങ്ങിയിരിക്കുന്ന പ്രദേശമായിരിക്കണം.

3. ബ്ലോക്കു് സ്ഥാപിക്കുന്ന താലൂക്കിൽ ബാക്കിയുള്ള പ്രദേശങ്ങൾ മറ്റു ബ്ലോക്കുകളായി തിരിക്കാൻ തടസ്സമില്ലാത്തവിധത്തിൽ സ്ഥിതിചെയ്യുന്നതായിരിക്കണം.

4. വികസനത്തിനുവേണ്ട സൗകര്യങ്ങൾ ഉണ്ടായിരിക്കണം.

5. ജനങ്ങൾ സഹകരണമനഃസ്ഥിതിയുള്ളവരായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

6. ഭരണപരമായ സൗകര്യാർത്ഥം ഇപ്പോഴുള്ള ബ്ലോക്ക കൾക്കോ പ്രോജക്ടുകൾക്കോ തൊട്ട പ്രദേശങ്ങളിലായി രിക്കണം പുതിയ ബ്ലോക്കുകൾ തുടങ്ങുന്നത്.

ജലസേചനപദ്ധതിക്കു ശേഖരിച്ച സിമൻറ്, ഇരുമ്പ് മുതലായ സാധനങ്ങളിലുള്ള കുറവ്.

*415 [51] ശ്രീ. സി. സി. അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലസേചനപദ്ധതികൾക്കു ശേഖരിച്ച സിമൻറ്, ഇരുമ്പ് മുതലായവ വളരെയധികം സ്റ്റാക്കിൽ കുറവു കണ്ടതായി ഗവണ്മെൻറിൻെറ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെ, എത്രയെല്ലാം കുറവു കണ്ടിട്ടുണ്ട്;

(സി) വാഴാനി പദ്ധതിക്കു ശേഖരിച്ചിരുന്ന സിമൻറിൽനിന്നും ഒരു ലോറി സിമൻറ് കടത്തിക്കൊണ്ടുപോയി വടക്കാഞ്ചേരി ചിറ്റിലാപ്പിള്ളി ചേറു എന്ന ആൾക്കു വില്ക്കാൻ ശ്രമിച്ചു എന്ന കാരണത്തിനു വടക്കാഞ്ചേരി പോലീസ് ഒരു കേസ് ചാർജ്ജ് ചെയ്തിട്ടുണ്ടോ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ. ബി) ചാലക്കുടി പദ്ധതിക്കുവേണ്ടി സ്റ്റാക്കു ചെയ്തിരുന്ന സിമൻറിൽ 80 ടൺ കുറവു വന്നതായി ഗവണ്മെൻറിൻെറ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ട്. ഇതൊഴിച്ചാൽ വേറെ കുറവൊന്നും വന്നതായി അറിവില്ല

(സി) ഉണ്ട്.

ഭൂമി വിതരണം.

*416. [52] ശ്രീ. സി. സി. അയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി വളരെയധികം ഭൂമിയുള്ളവർ ഇപ്പോഴും ഗവണ്മെൻറ് ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്നുണ്ടോ;

(ബി) അങ്ങനെയുള്ള ഭൂമി ഒഴിപ്പിച്ചെടുത്തു ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികൾക്കും, ചെറുകിട കൃഷിക്കാർക്കും വിതരണം ചെയ്യാൻ ഫലപ്രദമായ വല്ല നടപടിയും എടുക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) സ്വന്തമായി ഭൂമിയുള്ളവരും ഗവണ്മെൻറ് ഭൂമി കൈവശം വച്ചു് അനുഭവിച്ചുവരുന്നുണ്ടു്.

(ബി) അങ്ങനെയുള്ള ഭൂമി ഒഴിപ്പിച്ചെടുക്കുന്നതിനു് നിലവിലുള്ള രീതിസു് അനുവദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly